QP CODE: 25020907

25020907

Reg No : ....................

Name : ....................

# B.A DEGREE (CBCS) REGULAR / REAPPEARANCE / MERCY CHANCE EXAMINATIONS, FEBRUARY 2025

## Sixth Semester

## CHOICE BASED CORE COURSE - ML6CBT01 - MALAYALATHILE STHREE RACHANAKAL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

4F921897

Time: 3 Hours

Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. "സ്വന്തം കർമ്മശക്തികളുടെ സമുജ്ജ്വലസാഫല്യംകൊണ്ട് മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം സംജാതമാകയുള്ളൂ"- സന്ദർഭമേത്?
2. "പുരാവൃത്തങ്ങൾ സഞ്ചരിച്ചത് പുരുഷനോടൊപ്പമായിരുന്നു" - എന്നു പറയുന്നതെന്തുകൊണ്ട്?
3. "പിന്നെ, നിർലക്ഷ്യമോ നിഷ്ക്രിയമോ ആയി ആളുകളെ സ്നേഹിക്കാൻ മാത്രം ഹൃദയാലുത്വം ദൈവമെനിക്ക് തന്നതുമില്ല". - ഇങ്ങനെ ചിന്തിക്കാൻ ഇടയായ സാഹചര്യമെന്ത്?
4. "ഭാര്യയുടെ ജാരനെ അന്വേഷിക്കുന്ന ഭർത്താവിന്റെ കാർക്കശ്യം രഘൂത്തമന്റെ കണ്ണുകളിൽ തെളിയുന്നതു കണ്ട് എന്റെ ഉള്ള് പിടച്ചു". സാഹചര്യം വിശദമാക്കുക.
5. "ദൈവത്തിന്റെ കൃപകൊണ്ട് ഞാൻ ഇതിന് പരിഹാരം കാണാം"- ആരുടെ വാക്കുകൾ? സാഹചര്യം വ്യക്തമാക്കുക.
6. "വിളികൊണ്ടോരു 'പാരഡൈസി'ലെ
കളസംഗീതവിശേഷമാധുരി

ചെവികൾക്കകമേ പലപ്പോഴും
ചൊരിയുന്നുണ്ടു സുധാരസം നവം"- ആശയം വിശദീകരിക്കുക

7. "ശ്യാമേ, വിഷണ്ണയായി നില്ക്കേണ്ട, പോക നീ,
ഞാനുമ പ്പൊൽക്കുഴൽ കേട്ടല്ലോ" - സന്ദർഭവും ആശയവും വിശദമാക്കുക.

8. "കൊത്തിനുറുക്കി
വേവിച്ചൂറ്റിയപ്പോഴും
ആത്മാവുമാത്രം നുറുങ്ങിയില്ല
വെന്തതുമില്ല"- ഇവിടെ തെളിയുന്ന ദർശനമെന്ത് ?

9. "ഓ, ഇതിലിത്രയെക്കന്തുവാ?" എന്ന് ചിന്തിക്കാനിടയായ സാഹചര്യമെന്ത് ?

10. "എന്നെ സഹായിക്കുന്നത് ഏറ്റവും വലിയ പുണ്യപ്രവർത്തിയാകും" ആരുടെ വാക്കുകൾ?- സന്ദർഭമെഴുതുക.

11. സ്ത്രീ നാടകവേദി- കുറിപ്പെഴുതുക

12. നാടകങ്ങളിലെ പെണ്ണഭിനയങ്ങൾ- കുറിപ്പെഴുതുക

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. സാഹിത്യത്തിന്റെ പുനർവായനയിൽ സ്ത്രീവാദസിദ്ധാന്തങ്ങളുടെ സാധ്യതകൾ എന്തെല്ലാം?

14. "ആരോടും ഒരു ഉളുപ്പുംകൂടാതെ സ്വന്തം സങ്കടങ്ങൾ വേഗത്തിൽ പറഞ്ഞ് ഒഴുക്കിക്കളയുന്ന സ്ത്രീകൾ സ്വന്തം സന്തോഷങ്ങളും മാനസിക ലഹരികളും ഒരു തെറ്റുപോലെ ഒതുക്കിക്കളയുന്നു" - എന്നു പറയുന്നതെന്തുകൊണ്ട്?

15. "വ്യക്തി എന്ന നിലയിൽ ഉയരാൻ ഇടംകൊടുക്കുന്ന - പ്രേരിപ്പിക്കുന്ന - തീക്ഷ്ണബുദ്ധി സ്ത്രീകൾക്ക് അനാവശ്യം മാത്രമല്ല ഉപദ്രവം കൂടിയാണ്- അവനവനും അന്യർക്കും" - എന്നു പറയാൻ കാരണമെന്ത്?

16. മാദ്ധ്യമലോകത്തിന്റെ കടന്നുകയറ്റത്തിൽ പ്രണയ- ജീവിതസങ്കല്പങ്ങൾക്ക് സംഭവിച്ച പരിവർത്തനത്തെ ഇവിടെ ഒരു ടെക്കി എന്ന കഥ അവതരിപ്പിക്കുന്നതെങ്ങനെ?

17. "കുളിർകാട്ടുചോലയിലൊന്ന് കഴുകാതീ-
യെളിയ വാഴ്വീശ്വരന്നർപ്പിക്കാമോ"- സന്ദർഭം വിശദമാക്കുക.

18. "വിസ്മയത്തിന്റെ
വിരൽത്തുമ്പ് കൊണ്ട്
നീയെന്നെയെന്നാണൊരു
പെണ്ണാക്കിമാറ്റുക" ഈ ചോദ്യത്തിന്റെ ഔചിത്യഭംഗി എന്ത്?

19. വാണിജ്യവത്കരിക്കപ്പെട്ട സ്ത്രീപരിസ്ഥിതിസമൂഹത്തെക്കുറിച്ച് വിവരിക്കുക.

20. നാടകവേദിയിൽ സ്ത്രീ കഥാപാത്രങ്ങളുടെ ഭാഷയ്ക്കുള്ള പ്രത്യേകതകൾ ആദ്യകാലനാടകങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.

21. "നിന്റെ കരവിരുതുകൊണ്ട് മണ്ണിൽ എന്തെല്ലാം ഉണ്ടാകുന്നുണ്ട്. ആരെയൊക്കെ സന്തോഷിപ്പിക്കാനുണ്ട്. ഗ്രാമം മുഴുവൻ അതിനായി കാത്തുനില്ക്കുന്നു." സന്ദർഭവും ആശയവും വ്യക്തമാക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. സ്ത്രീ ആത്മകഥകളുടെ പ്രത്യേകതകൾ വിവരിക്കുക.

23. ഭാഷാ, പ്രമേയം , രൂപശില്പം എന്നിവയിൽ സ്ത്രീകഥാകൃത്തുക്കൾ പുലർത്തുന്ന വ്യത്യസ്തതകൾ അടയാളപ്പെടുത്തുക.

24. പ്രമേയസ്വീകരണത്തിലെ വ്യത്യസ്തത ബാലാമണിയമ്മ, സി. മേരി ബനീഞ്ജ, സുഗതകുമാരി എന്നിവരുടെ കവിതകളെ ആസ്പദമാക്കി വിവരിക്കുക.

25. പാരിസ്ഥിതികസ്ത്രീവാദ ആത്മീയതയുടെ സാധ്യതകൾ ചർച്ച ചെയ്യുക.

(2×15=30)